# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2327 — 01.04.2013 ൽ മറുപടിക്ക്

**പി.എച്ച്.സി.കളിൽ 24 മണിക്കൂർ ഡോക്ടർമാരുടെ സേവനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം പി.എച്ച്.സി.കളിൽ 24 മണിക്കൂർ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ, കാട്ടാക്കട (ഓൾഡ്), കന്നത്തുകാൽ, വലിയതുറ, വട്ടിയൂർക്കാവ് എന്നീ പി.എച്ച്.സി. കളിൽ 24 മണിക്കൂർ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) പി.എച്ച്.സി.യുടെ പ്രവർത്തന സമയം എത്ര മണി മുതൽ എത്രവരെയാണെന്നും ഇതിൽ ഏത് സമയങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകുമെന്നും വ്യക്തമാക്കാമോ? | (ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ 9 മണി മുതൽ 5 മണി വരെ പ്രവർത്തിക്കുന്നുണ്ട്. ഒ.പി. സമയം 9 AM മുതൽ 1 PM വരെയാണ്. ഈ സമയം ഡോക്ടർമാർ ഉണ്ടായിരിക്കുന്നതാണ്. 2 മണി മുതൽ 3 മണി വരെ ഡോക്ടർമാരുടെ ജോലി സമയം ഫീൽഡ് പ്രവർത്തനങ്ങൾക്കും ഓഫീസ് ജോലികൾക്കും വേണ്ടിയാണ് ക്രമീകരിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ